# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *231** **09.03.2017-ൽ മറുപടിയ്ക്ക്**

**പട്ടികഗോത്രവർഗ്ഗ വിഭാഗത്തിന് സ്ഥിരം തൊഴിലും വരുമാനവും**

**ചോദ്യം**
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.സി. കെ. ശശീന്ദ്രൻ
ശ്രീ.പി.വി. അൻവർ
ശ്രീ. സി.കെ. ഹരീന്ദ്രൻ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികഗോത്രവർഗ്ഗ ജനതയെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി, സ്ഥിരം തൊഴിലും വരുമാനവും ഉറപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | എ) | പട്ടികവർഗ്ഗ യുവാക്കൾക്ക് 'സ്വയം തൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം' എന്ന ബഡ്ജറ്റ് ശീർഷക പ്രകാരം വിവിധ നൈപുണ്യ വികസന പരിശീലനങ്ങൾ നൽകി വരുന്നു. കൂടാതെ വിവിധ സ്കീമുകളായ കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ ടു ടി.എസ്.പി, കേന്ദ്രസർക്കാരിന്റെ ധനസഹായം മുഖേനയും പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസന പരിശീലനത്തിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ വികസനം നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| ബി) | പുതു തലമുറയിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കുന്നതിനോടൊപ്പം മറ്റുള്ളവർക്ക് | ബി) | പുതുതലമുറയിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ നിലവാരം ഉറപ്പാക്കുന്നതിനോടൊപ്പം മറ്റുള്ളവർക്ക് സ്വാശ്രയ അതിജീവനത്തിനുതകുന്ന രീതിയിൽ |

| | | | |
|---|---|---|---|
| | സ്വാശ്രയ അതിജീവനത്തിനുതകുന്ന രീതിയിൽ കൃഷി, മൃഗപരിപാലനം തുടങ്ങിയ മേഖലകളിൽ ആധുനിക രീതി പ്രചരിപ്പിക്കാൻ സാധിക്കുമോ; | | കൃഷി, മൃഗപരിപാലനം തുടങ്ങിയ മേഖലകളിൽ ആധുനിക രീതി പ്രചരിപ്പിക്കാൻ സാധിക്കുന്ന രീതിയിലുള്ള പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>പരമ്പരാഗത കന്നുകാലി വളർത്തൽ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ നടത്തി കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നതിന് ഉതകുന്ന ആധുനിക പശു വളർത്തൽ കേന്ദ്രങ്ങൾ എറണാകുളം (50 കുടുംബങ്ങൾ), ഇടുക്കി (45 കുടുംബങ്ങൾ), തൃശ്ശൂർ (50 കുടുംബങ്ങൾ), മലപ്പുറം (40 കുടുംബങ്ങൾ), കാസറഗോഡ് (100 കുടുംബങ്ങൾ) എന്നീ ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>കുടുംബശ്രീ മുഖേന അട്ടപ്പാടിയിൽ പട്ടികവർഗ്ഗ വനിതകൾക്ക് വിത്ത് വിതരണ പദ്ധതിയുടെ ഭാഗമായി 18.71 ലക്ഷം രൂപയും കൂടാതെ കുടുംബശ്രീ മുഖേന പട്ടികവർഗ്ഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി അയൽക്കൂട്ട രൂപീകരണത്തിനും, ലഘു സമ്പാദ്യ പ്രവർത്തനത്തിനുമുള്ള പ്രത്യേക പരിപാടി, ഉപജീവന പ്രവർത്തനപരിപാടി, സാമൂഹിക വികസന പരിപാടി, ഇടമലക്കുടി, വയനാട്, ആലപ്പുഴ എന്നിവിടങ്ങളിൽ പ്രത്യേക ഉപജീവന പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിനായി 3.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്ന് ഇവരെ മോചിപ്പിക്കുവാൻ ഉതകുന്ന തരത്തിൽ സ്വയംസഹായ സംഘങ്ങളെയും സഹകരണ സംഘങ്ങളെയും ശക്തിപ്പെടുത്താൻ സാധിക്കുമോ? | സി) | പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷൻ മുഖേന സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ഈ തുക ഉപയോഗിച്ച് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുക മുൻകൂർ നൽകി |

| | | | |
|---|---|---|---|
| | | | വരുന്നതിനാൽ പട്ടികവർഗ്ഗ വിഭാഗക്കാർ ശേഖരിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ഇടത്തട്ടുകാരുടെ ചൂഷണമില്ലാതെതന്നെ മാർക്കറ്റ് നിരക്കിൽ സൊസൈറ്റി ഏറ്റെടുത്ത് ആയതിനുള്ള വില നൽകി വരുന്നു. കുടുംബശ്രീ മുഖേന പട്ടികവർഗ്ഗ സ്വയം സഹായ സംഘങ്ങൾ ശാക്തീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ